(ബി) ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) മാവേലി സ്റ്റോർ എന്നേക്ക് പ്രവർത്തനം ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സാദ്ധ്യതാപഠനം നടത്തി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിൽ അന്തിക്കാട് എന്ന സ്ഥലത്ത് ഒരു മാവേലി സ്റ്റോർ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. പുതിയ മാവേലി സ്റ്റോർ അനുവദിക്കുമ്പോൾ നിലവിൽ മാവേലിസ്റ്റോറുകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾക്കാണ് മുൻഗണന നൽകുന്നത്. ജീവനക്കാരുടെ അഭാവവും, ഗോഡൗൺ, ചരക്ക് കടത്ത് തുടങ്ങിയ സൗകര്യങ്ങളിലുള്ള അപര്യാപ്തതയും പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിന് തടസ്സമാകുന്നുണ്ട്. ജീവനക്കാരുടെയും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെയും ലഭ്യത അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

പേരാവൂർ നിയോജക മണ്ഡലത്തിൽ അനുവദിച്ച മാവേലി സ്റ്റോറും റേഷൻ കടയും

128(1363) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പേരാവൂർ നിയോജക മണ്ഡലത്തിൽ അനുവദിച്ച മാവേലി സ്റ്റോർ, റേഷൻകട എന്നിവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) ആറളം, ഇരിട്ടി എന്നീ മലയോരമേഖലകളെ കേന്ദ്രീകരിച്ച് ഒരു മൊബൈൽ മാവേലി സ്റ്റോർ അനുവദിക്കണമെന്ന നിവേദനത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പേരാവൂർ നിയോജക മണ്ഡലത്തിൽ പുതുതായി 3 മാവേലി സ്റ്റോറുകൾ ഉരുവച്ചാൽ,ചാവശ്ശേരി, കീഴ്പള്ളി എന്നീ സ്ഥലങ്ങളിലും 1 റേഷൻകട ആറളം എന്ന സ്ഥലത്തും ആരംഭിച്ചിട്ടുണ്ട്.

(ബി) കണ്ണൂർ ജില്ലയിൽ പുതുതായി അനുവദിച്ചിരിക്കുന്ന മൊബൈൽ മാവേലി സ്റ്റോറുകളുടെ സേവനം ആറളം, ഇരിട്ടി എന്നീ മലയോര മേഖലകൾ കൂടി ഉൾപ്പെടുത്തി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly